കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 2 'ഭരണഭാഷ-മാതൃഭാഷ' 2019 സെപ്റ്റംബർ 01 ഞായർ

# ’ഷീ സ്കിൽ: അഞ്ചു വരെ അപേക്ഷിക്കാം

ആലപ്പുഴ: അസാപ് ആരംഭിക്കുന്ന ’ഷീ സ്കിൽസ്’ എന്ന പദ്ധതി വഴി 15 വയസിനു മുകളിലുള്ള സ്ത്രീകൾക്ക് അവർ തെരെഞ്ഞെടുക്കുന്ന തൊഴിൽ മേഖലകളിൽ നൈപുണ്യ വികസന കോഴ്സുകൾ ചെയ്യുവാൻ അവസരം. ആലപ്പുഴ ജില്ലയിൽ അഞ്ചാം തീയതി വരെ അപേക്ഷിക്കാം. ഓണത്തിന് ശേഷം പരിശീലനം തുടങ്ങും. അസാപ്പിന്റെ തെരെഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലാണ് പരിശീലനം. പരിശീലനത്തിന് ശേഷം ക്വാളിഫിക്കേഷൻ പരീക്ഷയും തൊഴിലിടങ്ങളിൽ ഇന്റേൺഷിപ്പിനായുള്ള അവസരവും നൽകും. ഷീ സ്കിൽസ്നു ഇൻസെന്റീവ് ലിങ്ക്ഡ് ഫീ ഘടന ആയിരിക്കും. എ പി എൽ - ജനറൽ കാറ്റഗറിയിലുള്ള വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസിൽ 50 ശതമാനം സബ്സിഡി നൽകുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ, ബി പി എൽ കുടുംബങ്ങളിൽ നിന്നുള്ളവർ, ക്രീമിലയറിൽ ഉൾപ്പെടാത്ത അപേക്ഷകർ എന്നിവർക്ക് പരിശീലനം നിബന്ധനകൾക്ക് വിധേയമായി സൗജന്യമാണ്. അപേക്ഷ പൂർണമായും ഓൺലൈൻ ആയിരിക്കും. താല്പര്യമുള്ളവർക്ക് ജില്ലയിലെ അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ സ്വന്തമായോ www.asapkerala.gov.in എന്ന വെബ്സൈറ്റിലെ ലിങ്ക് വഴി അപേക്ഷിച്ച് രജിസ്ട്രേഷൻ സ്ലിപ് പ്രിന്റ് ഔട്ട് എടുത്തു കോഴ്സിന്റെ തെരെഞ്ഞെടുപ്പിനായി സൂക്ഷിക്കാം. കേരളത്തിൽ എവിടെയുമുള്ള അപേക്ഷകർക്ക് ഇഷ്ടമുള്ള കോഴ്സും കേന്ദ്രവും യോഗ്യതാടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കാം. അപേക്ഷ ഫീസ് പൂർണമായും സൗജന്യമാണ്. കുടുംബശ്രീ അംഗങ്ങൾ, വനിതാ സംഘങ്ങൾ, വീട്ടമ്മമാർ, പഠനം പൂർത്തിയാക്കിയ പെൺകുട്ടികൾ തുടങ്ങിയവർക്ക് നല്ലൊരു അവസരമാണ്. ജില്ലയിൽ കോഴ്സുകളും അടിസ്ഥാന യോഗ്യതയും ബന്ധപ്പെടാവുന്ന നമ്പറുകളും

മാവേലിക്കര- റീറ്റെയ്ൽ ട്രെയിനീ അസ്സോസിയേറ്റ് (പത്താം തരം), ഓർഗാനിക് ഗ്രോവർ-കാർഷിക മേഖല (പത്താം തരം)- 8086908854. ആലപ്പുഴ - ഫ്രണ്ട് ഓഫീസ് അസ്സോസിയേറ്റ് (പന്ത്രണ്ടാം തരം), അസിസ്റ്റന്റ് ബ്യൂട്ടി തെറാപ്പിസ്റ്റ് (പത്താം തരം)- 9746808421. അങ്ങാടിക്കൽ :ജി എസ് ടി അക്കൗണ്ട്സ് അസിസ്റ്റന്റ് (ബി കോം, ബി.ബി.എ , ബി.എ.എക്കണോമിക്സ് യോഗ്യത)- 9961595448.

കായംകുളം: മോഡലെർ-അനിമേഷൻ മേഖല (എട്ടാം തരം), അക്കൗണ്ട്സ് എക്സിക്യൂട്ടീവ് (ബി കോം, ബി.ബി.എ , ബി.എ എക്കണോമിക്സ് യോഗ്യത)-

ജി.എസ്. ടി അക്കൗണ്ട്സ് അസിസ്റ്റന്റ് (ബി കോം, ബി.ബി.എ , ബി.എ എക്കണോമിക്സ് യോഗ്യത)-8304831445. ഹരിപ്പാട് -അസിസ്റ്റന്റ് ബ്യൂട്ടി തെറാപ്പിസ്റ്റ് (പത്താം തരം)-8156802191.
കഞ്ഞിക്കുഴി- കോമ്പോസിറ്റർ-അനിമേഷൻ മേഖല (എട്ടാം തരം) , ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്-ഹെൽത്ത് കെയർ മേഖല (പത്താം തരം)-8086682496. പട്ടണക്കാട്- അക്കൗണ്ട്സ് എക്സിക്യൂട്ടീവ് (ബി കോം, ബി.ബി.എ , ബി.എ എക്കണോമിക്സ് യോഗ്യത), ജി.എസ്. ടി അക്കൗണ്ട്സ് അസിസ്റ്റന്റ് (ബി കോം, ബി.ബി.എ , ബി.എ എക്കണോമിക്സ് യോഗ്യത), ഹോം ഹെൽത്ത് എയ്ഡ്- ഹെൽത്ത് കെയർ മേഖല (പത്താം തരം)-7025650203.

ചന്തിരൂർ- ഹോം ഹെൽത്ത് എയ്ഡ്- ഹെൽത്ത് കെയർ മേഖല (പത്താം തരം), അനിമേറ്റർ -അനിമേഷൻ മേഖല (എട്ടാം തരം), ഹാൻഡ് എംബ്രോയ്ഡർ-അപ്പാരൽ മേഖല (പത്താം തരം)-8078020346.അമ്പലപ്പുഴ -ഫ്രണ്ട് ഓഫീസ് അസ്സോസിയേറ്റ് (പന്ത്രണ്ടാം തരം), റീറ്റെയ്ൽ ട്രെയിനീ അസ്സോസിയേറ്റ് (പത്താം തരം)-9656002411. കുട്ടനാട്- ക്രാഫ്റ്റ് ബേക്കർ-ബേക്കറി മേഖല (പത്താം തരം)-7012587144.

# ഓണാട്ടുകരയുടെ കാർഷിക പാരമ്പര്യം ഇവരുടെ കൈകളിൽ സുരക്ഷിതം

മാവേലിക്കര : ഓണാട്ടുകരയുടെ കാർഷിക സംസ്കൃതിക്ക് ഒട്ടും കോട്ടം തട്ടില്ലെന്നു ഉറക്കെ പ്രഖ്യാപിച്ച് ഒരു കൂട്ടം വിദ്യാർത്ഥികൾ. പഠനത്തിനൊപ്പം കാർഷിക മേഖലയുടെ പ്രാധാന്യവും തിരിച്ചറിയുകയാണ് ഇറവങ്കര സ്ക്കൂളിലെ വിദ്യാർത്ഥികൾ. ഇത്തവണത്തെ ഓണസദ്യ ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളിലെ കുട്ടികൾക്ക് വ്യത്യസ്തമായിരിക്കും. തൂശനില വിരിച്ച് ഓണസദ്യയ്ക്കിരിക്കുമ്പോൾ തങ്ങളുടെ സ്ക്കൂൾ വളപ്പിൽ വിളയിപ്പിച്ചെടുത്ത മായമില്ലാത്ത പക്കറികൾകൊണ്ട് ഉണ്ടാക്കിയ അവിയലും, തോരനും, കറികളുമാണ് മുമ്പിലെത്തുന്നത്. ആഗസ്റ്റിലുണ്ടായ മഴക്കെടുതി തങ്ങളുടെപച്ചക്കറി കൃഷിയെ ബാധിക്കുമോയെന്ന ആശങ്ക കുട്ടികൾക്കും, അധ്യാപകർക്കുമുണ്ടായിരുന്നു. എന്നാൽ ആശങ്കകൾക്കെല്ലാം വിരാമം കുറിച്ച് നല്ല വിളവു തന്നെയാണ് കിട്ടിയിരിക്കുന്നത്. . കഴിഞ്ഞ വർഷം ആഗസ്റ്റിലുണ്ടായ മഹാപ്രളയത്തെ തുടർന്ന് കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ഇത്തവണ കൃഷി വിളയിപ്പിച്ചെടുത്തത്. സ്ക്കൂൾ വളപ്പിലെ അരയേക്കറോളം പ്രദേശം കൃഷിക്ക് ഉപയുക്തമാക്കി. സ്ക്കൂൾ നാഷണൽ സർവീസ് സ്കീം വോളണ്ടിയർമാരാണ് ഈ ഉദ്യമത്തിനു പിന്നിൽ. 'മാവേലിയ്ക്കൊപ്പം മണ്ണിനൊപ്പം ' പദ്ധതി പ്രകാരമുള്ള പ്രളയാനന്തര കൃഷിയിൽ പയർ, പാവൽ, വെണ്ട, വഴുതന, പച്ചമുളക്, പടവലം, തക്കാളി എന്നിവയാണ് വിളയിപ്പിച്ചെടുത്തത്. നൂറു മേനി വിളവും കിട്ടി എന്ന് അഭിമാനത്തോടെ കുട്ടികൾ പറയുന്നു.ഓപ്പൺ പ്രിസിഷൻ ഫാമിംഗ് എന്ന ഹൈടെക്ക് കൃഷി രീതിയാണ് ഇവിടെ നടപ്പിലാക്കിയത്. ജലസേചനത്തിനൊപ്പം, വളവും ഡ്രിപ്പ് ഇറിഗേഷൻ രീതിയിൽ നൽകുന്നു. കളകൾ നിയന്ത്രിക്കുവാൻ പ്ലാസ്റ്റിക്ക് മൾച്ചിംഗും ചെയ്തു. തങ്ങൾ പഠിച്ച നൂതന കാർഷിക രീതികൾ, മണ്ണിൽ പ്രയോഗിച്ച് കുട്ടികൾ ഓണാട്ടുകരയുടെ കാർഷിക പാരമ്പര്യം തങ്ങളുടെ കൈയ്യിൽ സുരക്ഷിതമെന്ന് ഉറപ്പ് നൽകുകയാണ്. വിളവെടുത്ത പച്ചക്കറികൾ ഓണ സദ്യക്കായ് പ്രഥമാധ്യാപിക ജലജാമണി പാചകത്തിന്റെ ചുമതലക്കാരി സുശീലയ്ക്ക് കൈമാറി. വിളവെടുപ്പിന് പി.ടി.എ പ്രസിഡൻറ് എൻ. കലാധരൻ, പ്രിൻസിപ്പൽ ബി.അഥീല, സംസ്ഥാന അദ്ധ്യാപക പുരസ്കാര ജേതാവ് റോയ് ടി.മാത്യു, എൻ.എസ്.എസ് പി.എ.സി അംഗം

പി.എസ്അരുൺ,    രഞ്ജു എസ് നായർ, ശോഭന, പ്രോഗ്രാം ഓഫീസർ പി. എസ് വിജയ എന്നിവർ നേതൃത്വം നൽകി.

## ഫോട്ടോ ക്യാപ്ഷൻ :

സ്ക്കൾ വളപ്പിൽ വിളയിപ്പിച്ചെടുത്ത പച്ചക്കറികൾ കുട്ടികൾ പ്രിൻസിപ്പൽ ജലജാ മണിക്ക് കൈമാറുന്നു

സ്ക്കൂൾ വളപ്പിലെ പച്ചക്കറി തോട്ടത്തിൽ കുട്ടികളും അധ്യാപകരും